**<u>ഭരണഭാഷ-മാതൃഭാഷ</u>**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.

**സി.ജി& എ.സി 2/1578**/2021/DGE

തീയതി :11/11/2021

## <u>സർക്കുലർ</u>

**വിഷയം:** പൊ.വി.വ-ഹ.സെ.വി-സി.ജി&എ.സി- സൗഹൃദ ദിനാചരണം- സ്കൂൾതല പരിപാടികൾ - സംബന്ധിച്ച്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്തർ ദേശീയ ശിശുദിനമായ നവംബർ 20 സൗഹൃദ ദിനമായി ആചരിച്ച് വരുന്നു. കൗമാരക്കാരുടെ ജീവിത വിജയത്തിൽ ജീവിത നിപുണതകളുടെ (Life Skills) പ്രാമുഖ്യം തിരിച്ചറിയിക്കുന്നതിനാണ് സൗഹൃദ ദിനം ലക്ഷ്യമിടുന്നത്. ജീവിത നൈപുണ്യങ്ങളുടെ ശാസ്ത്രീയമായ പഠനത്തിലൂടെ കൗമാരക്കാർക്ക് ബാല്യത്തിൽ നിന്നും യൗവ്വനത്തിലേക്കുളള വ്യക്തിത്വ വികസന പരിശീലനം ലഭിക്കുന്നു. അതു മുഖാന്തിരം സാമൂഹികവും മാനസികവുമായ വളർച്ച നേടാൻ കൗമാരക്കാർക്ക് കഴിയുന്നു. സൗഹൃദ ദിനാചരണത്തിന്റെ ഭാഗമായി ഓരോ സ്ക്കൂളിലും സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോകാരോഗ്യ സംഘടന (WHO) തെരഞ്ഞെടുത്ത 10 ജീവിത നിപുണതകളുടെ സ്കിറ്റുകൾ/റോൾ പ്ലേകൾ മുൻവർഷങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

സൗഹൃദ ദിനാഘോഷത്തിന്റെ ഭാഗമായി സൗഹൃദ കോ-ഓർഡിനേറ്റർ 10 ജീവിത നിപുണതകളെക്കുറിച്ച് സംക്ഷിപ്തമായി അവതരിപ്പിക്കേണ്ടതാണ്, തുടർന്ന് തെരഞ്ഞെടുത്ത കുട്ടികൾ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പത്തു ജീവിത നിപുണതകളിൽ ഒരു നിപുണതയെക്കുറിച്ച് സ്കിറ്റ് അവതരിപ്പിക്കേണ്ടതും, ഓരോ സ്കിറ്റ് അവതരണത്തിനു ശേഷവും പ്രസ്തുത ജീവിത നിപുണതയെ കുറിച്ച് സൗഹൃദ കോ-ഓർഡിനേറ്റർ വിശദമാക്കേണ്ടതുമാണ്. പ്രിൻസിപ്പാളിന്റേയും സൗഹൃദ കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ അധ്യാപകരുടെ പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടി സൗഹൃദ ദിനത്തിന്റെ സംഘാടനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോ അധ്യാപകർക്കും സൗഹൃദ ദിനത്തിന്റെ വ്യത്യസ്ഥ ചാർജ്ജുകൾ ഏൽപ്പിക്കേണ്ടതുമാണ്.

സ്കിറ്റുകൾ ജീവിത നിപുണതയുമായി ബന്ധപ്പെട്ടതാണെന്നു സൗഹൃദ കോ- ഓർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്. സൗഹൃദ ദിനാഘോഷത്തിന്റെ ചെലവിനായി വകയിരുത്തിയ തുക വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)